ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

DATE: 16.07.2025

## പ്രധാനവാർത്തകൾ

1. പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ച സർവകക്ഷി യോഗം ഞായറാഴ്ച; സമ്മേളനം ഈ മാസം 21ന് ആരംഭിക്കും.

2. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനം ഊർജിതം. അതിർത്തികളിൽ കർശന ജാഗ്രത. പാലക്കാട് രോഗം സ്ഥിരീകരിച്ച രണ്ടാമത്തെ വ്യക്തിയുടെ പുതുക്കിയ റൂട്ട് മാപ്പ് പുറത്തിറക്കി.

3. സംസ്ഥാനത്ത് ഡിജിറ്റൽ റവന്യു കാർഡ് നടപ്പാക്കുന്നതിനുള്ള നടപടികൾ നവംബറിൽ തുടങ്ങുമെന്ന് റവന്യു മന്ത്രി കെ. രാജൻ.

4. ഇന്ന് ലോക സർപ്പ ദിനം. ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാന വനം വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടി മന്ത്രി എ കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഴ മുന്നറിയിപ്പ്.

6. ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ ലക്ഷ്യാ സെന്നും, സാത്വിക് സായ്‌രാജ് - ചിരാഗ് ഷെട്ടി സഖ്യവും രണ്ടാം റൗണ്ടിൽ പ്രവേശിച്ചു.

******************************************************

## സർവകക്ഷി യോഗം

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

******************

## നിപ

പാലക്കാട് ജില്ലയിൽ നിപ സ്ഥിരീകരിച്ച രണ്ടാമത്തെ രോഗിയുടെ പുതുക്കിയ റൂട്ട് മാപ്പ് പുറത്തിറക്കി. ഈ റൂട്ട് മാപ്പിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിലും സമയങ്ങളിലും സന്നിഹിതരായിരുന്നവർ എത്രയും പെട്ടെന്ന് നിപ കൺട്രോൾ റൂമുമായി ബന്ധപ്പെടണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചു. നിലവിൽ നിപാ ലക്ഷണങ്ങളുമായി ആശുപത്രിയിലെത്തുന്നവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുന്നുണ്ട്. ഇതിനുപുറമെ മസ്തിഷ്കജ്വരം ബാധിച്ച് എത്തുന്നവരുടെ സാമ്പിളുകളും പരിശോധിക്കാൻ കലക്ടർ അധ്യക്ഷനായ ടാസ്ക് ഫോഴ്സ് യോഗത്തിൽ തീരുമാനിച്ചിരുന്നു.

RNU TVPM

******************

## പാലക്കാട്-നിപ (ഇൻട്രോ)

പാലക്കാട് ജില്ലയിൽ വീണ്ടും നിപ്പ സ്ഥിരീകരിച്ചതോടെ തമിഴ്നാട് അതിർത്തികളിൽ തമിഴ്നാട് ആരോഗ്യവകുപ്പ് പരിശോധന കർശനമാക്കി. കോയമ്പത്തൂർ ജില്ലാ കലക്ടറുടെ

നിർദേശപ്രകാരമാണു ചാവടി ഉൾപ്പെടെയുള്ള അതിർത്തികളിൽ 24 മണിക്കൂറും പരിശോധന ആരംഭിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

******************

## ഡിജിറ്റൽ റവന്യു കാർഡ്-കെ രാജൻ

സംസ്ഥാനത്ത് ഡിജിറ്റൽ റവന്യു കാർഡ് നടപ്പാക്കുന്നതിനുള നടപടികൾ നവംബറിൽ തുടങ്ങുമെന്ന് റവന്യു മന്ത്രി കെ. രാജൻ. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' ലക്ഷ്യത്തിന്റെ ഭാഗമായി കോഴിക്കോട്, താമരശേരി താലൂക്ക് പട്ടയമേള ഓൺലൈനായി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭൂമി സംബന്ധമായ 14 വിവരങ്ങൾ കാർഡിലൂടെ ലഭ്യമാക്കും. ഡിജിലോക്കർ സംവിധാനം വഴി സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

RNUTVPM

******************

## ജോർജ് കുര്യൻ

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി. പിഎം വികാസ് പദ്ധതിയുടെ ഭാഗമായി, കേരളത്തിലെ ന്യൂനപക്ഷസമുദായങ്ങളിലെ 450

ഉദ്യോഗാർഥികൾക്കുള്ള പരിശീലന പദ്ധതിയുടെ ചുമതല കോട്ടയം IIIT-യ്ക്കാണ്.

******************

## സ്വകാര്യ ബസ് സമരം - ചർച്ച

സ്വകാര്യ ബസ് പണിമുടക്ക് ഒഴിവാക്കാൻ സ്വകാര്യ ബസ് ഓപ്പറേറ്റർമാരുടെ സംഘടനകളുമായി മന്ത്രി KB ഗണേഷ് കുമാർ ഇന്ന് ചർച്ച നടത്തും. ഉച്ചകഴിഞ്ഞ് മന്ത്രിയുടെ ചേമ്പറിലാണ് ചർച്ച. ഈ മാസം 22 മുതലാണ് അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചിരിക്കുന്നത്. ഗതാഗത കമ്മീഷണർ നടത്തിയ ആദ്യ ഘട്ട ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ഏഴാം തിയതി സൂചനാ പണിമുടക്ക് നടത്തിയിരുന്നു.

RNU TVPM

******************

## കേന്ദ്രമന്ത്രി ജയന്ത് ചൗധരി

ജൻ ശിക്ഷൺ സൻസ്ഥാന്റെ ഗുണഭോക്തൃസംഗമവും, എക്സിബിഷനും നാളെ രാവിലെ മലപ്പുറം ടൗൺഹാളിൽ കേന്ദ്ര സഹമന്ത്രി ജയന്ത് ചൗധരി ഉദ്ഘാടനം ചെയ്യും. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജെ എസ് എസ്സിന്റെ കീഴിൽ പരിശീലനം പൂർത്തീകരിച്ച 1800 ഗുണഭോക്താക്കൾക്കായുള്ള സർട്ടിഫിക്കറ്റ് വിതരണം, ഈ വർഷത്തെ ഗുണഭോക്താക്കൾക്ക് നൽകുന്ന പരിശീലനത്തിന്റെ ഉദ്ഘാടനം എന്നിവ അദ്ദേഹം നിർവഹിക്കും.

******************

## കർക്കിടക രാമായണ മാസം

രാമായണ മാസത്തിന് നാളെ തുടക്കമാകും. കർക്കിടകം ഒന്നായ നാളെ രാമായണ മാസാചരണത്തിന് ക്ഷേത്രങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. നാലമ്പല തീർഥാടനത്തിനും ഇതോടെ തുടക്കമാകും. തൃശൂർ വടക്കുന്നാഥ ക്ഷേത്രത്തിൽ നാളെ ആനയൂട്ടും ഗജപൂജയും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും നടക്കും. നാല് വർഷത്തിലൊരിക്കലാണ് ഗജപൂജ നടക്കുന്നത്. ഇരിങ്ങാലക്കുടയിൽ നിന്ന ആരംഭിക്കുന്ന നാലമ്പല ദർശന KSRTC സ്പെഷ്യൽ സർവീസുകൾ മന്ത്രി ഡോ. R ബിന്ദു ഫ്ളാഗ് ഓഫ് ചെയ്തു. നാളെ മുതൽ രണ്ട് സർവ്വീസുകൾ തുടങ്ങും.

*****************

## സർപ്പദിനം-റോഷ്നി (ഇൻട്രോ)

ഇന്ന് ലോക സർപ്പ ദിനം. പാമ്പുകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ജൈവമണ്ഡലത്തിൽ അവ വഹിക്കുന്ന ഒഴിച്ചുകൂടാനാവാത്ത പങ്കിനെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുമാണ് ദിനാചരണം. പ്രകൃതിയുടെ നിശബ്ദ സംരക്ഷകരെ ഭയപ്പെടരുത്, ബഹുമാനിക്കുക എന്നതാണ് ഈ വർഷത്തെ പ്രമേയം. പാമ്പുകൾ സംരക്ഷിക്കപ്പെടേണ്ടത് പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് അനിവാര്യമാണെന്ന് തിരുവനന്തപുരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ ജി എസ് റോഷ്നി ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

*****************

## എ കെ ശശീന്ദ്രൻ - സർപ്പദിനം

സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക സർപ്പദിന പരിപാടികൾക്ക് തിരുവനന്തപുരത്ത്

RNU TVPM

തുടക്കമായി. വനം വകുപ്പ് ആസ്ഥാനത്ത് നടന്ന ഉദ്ഘാടനം മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിച്ചു. പാമ്പുകടിയേറ്റ് ഉണ്ടാകുന്ന മരണങ്ങൾ കുറയ്ക്കാനും പാമ്പുകളുടെ സംരക്ഷണത്തിനുമായി ആരംഭിച്ച SARPA പദ്ധതിയുടെ അവലോകന ശില്പശാലയും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. സംസ്ഥാനത്ത് ഓരോ വർഷവും പാമ്പ് കടിയേറ്റ് മരിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരികയാണ്. ആന്റിവെനം പ്രാദേശികമായി സംഭരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ വിതരണം ചെയ്യുന്ന പദ്ധതി വനം വകുപ്പിന്റെ പരിഗണയിൽ ആണെന്നും, 2030 ആകുമ്പോൾ സംസ്ഥാനത്ത് പാമ്പു കടിയേറ്റ് ഒരാളും മരിക്കില്ല എന്ന് ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷമെന്നും മന്ത്രി പറഞ്ഞു.

******************

മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

******************

## മറയൂർ-പാമ്പാർ പുഴ (ഇൻട്രോ)

കാഴ്ച്ചകളാൽ സമ്പന്നമാണ് ഇടുക്കിയിലെ മറയൂരും കാന്തല്ലൂരും. ചന്ദനക്കാടുകളും മുനിയറകളുമെല്ലാം അതിൽ ഉൾപ്പെടുന്നു. എന്നാൽ മഴക്കാലത്ത് മറയൂരിന്റെ

RNU TVPM

കാഴ്ച്ചകൾക്ക് കൂടുതൽ മനോഹാരിത നൽകുകയാണ് പാമ്പാർ പുഴ.

**ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

******************

## ശബരിമല

കർക്കടക മാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല. നാളെ രാവിലെ മുതൽ നട അടയ്ക്കുന്ന 21 വരെ എല്ലാ ദിനവും പതിവു പൂജകൾക്കൊപ്പം വിശേഷാൽ പൂജകളും നടക്കും. 21നു രാത്രി 10 നു നട അടച്ചാൽ ഈ മാസം 29 നു നിറപുത്തരി പൂജയ്ക്കായി നട വീണ്ടും തുറക്കും.

RNUTVPM

******************

## ജപ്പാൻ ഓപ്പൺ ബാഡ്മിന്റൺ

ടോക്യോയിൽ നടക്കുന്ന ജപ്പാൻ ഓപ്പൺ സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യാ സെൻ അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു. പുരുഷ ഡബിൾസിൽ കൊറിയൻ സഖ്യത്തെ പരാജയപ്പെടുത്തി, സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി സഖ്യവും രണ്ടാം റൗണ്ടിലേക്ക് കടന്നു. അതേസമയം, വനിതാ സിംഗിൾസിൽ പി.വി. സിന്ധു ആദ്യ റൗണ്ടിൽ പുറത്തായി.

******************

## ഫിഡെ ചെസ്സ് - വനിതാ ലോകകപ്പ്

ജോർജിയയിലെ ബറ്റൂമിയിൽ നടക്കുന്ന ഫിഡെ ചെസ് വനിതാ ലോകകപ്പ് നാലാം റൗണ്ടിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മാറ്റുരയ്ക്കും. ക്വാർട്ടർ ഫൈനലിൽ സ്ഥാനമുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർ. വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവരാണ് നാലാം റൗണ്ടിൽ മത്സരിക്കുന്നത്.

*****************

## സംരംഭകത്വ പദ്ധതി - കെ എൻ ബാലഗോപാൽ

കേരള ഫിനാൻഷ്യൽ കോർപറേഷൻ വഴി നടപ്പാക്കുന്ന മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതി ഒരു വർഷം കൂടി നീട്ടിയതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. അടുത്ത വർഷം ഏപ്രിൽ വരെയാണ് പദ്ധതി കാലാവധി നീട്ടിയത്.

RNU TVPM

*

*********

*************************